<u>**15 -ാം കേരള നിയമസഭ**</u>

<u>**5 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2428**</u> <u>**07-07-2022 - ൽ മറുപടിയ്ക്ക്**</u>

<u>**ജി.എസ്.ടി. വരുമാന വളർച്ചാ നിരക്കിൽ പ്രതീക്ഷിച്ച നേട്ടം കൈവരിക്കാൻ നടപടി**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ജി.എസ്.ടി. വരുമാന വളർച്ചാ നിരക്കിൽ പ്രതീക്ഷിച്ച നേട്ടം സംസ്ഥാനത്തിന് കൈവരിക്കാൻ കഴിഞ്ഞിട്ടില്ലായെന്നത് സർക്കാർ ഗൗരവമായി കാണുന്നുണ്ടോ,; | (എ) | ജി.എസ്.ടി. വരുമാന വളർച്ച നിരക്കിൽ പ്രതീക്ഷിച്ച നേട്ടം കൈവരിക്കാൻ കഴിയാത്തതു സർക്കാർ ഗൗരവമായി കാണുന്നുണ്ട്. |
| (ബി) | ജി.എസ്.ടി. വരുമാന വളർച്ചാ നിരക്കിൽ കേരളം ഏതു സ്ഥാനത്താണെന്നും സംസ്ഥാനത്തിന്റെ പ്രതീക്ഷിത ജി.എസ്.ടി. വരുമാന വളർച്ചാ നിരക്ക് എത്രയാണെന്നും സംസ്ഥാനം കൈവരിച്ച വളർച്ചാ നിരക്ക് എത്രയാണെന്നും വ്യക്തമാക്കാമോ; | (ബി) | ജി.എസ്.ടി നടപ്പാക്കുന്ന ഘട്ടത്തിൽ 2015-16 ലെ കളക്ഷന്റെ 14% വാർഷിക വർദ്ധനവ കണക്കിൽ വളർച്ചയാണ് ലക്ഷ്യമിട്ടിരുന്നത് ഇത് പ്രകാരം 2020 -21 സാമ്പത്തിക വർഷം ലക്ഷ്യമിട്ട ജി.എസ്.ടി നികുതി വരുമാനം 32,400 കോടി രൂപയാണ്, ലഭിച്ചത 19,265.57 കോടി രൂപയാണ്. 2021-22 സാമ്പത്തിക വർഷം ലക്ഷ്യമിട്ട ജി.എസ്.ടി നികുതി വരുമാനം 36,936 കോടി രൂപയാണ് ലഭിച്ചത് 23,985.94കോടി രൂപയാണ്.<br><br>2022-23 സാമ്പത്തിക വർഷങ്ങളിലെ ആദ്യ ക്വാർട്ടറിലെ ജി.എസ്.ടി നികുതി വരുമാനം 2021 - 22 വർഷത്തിലെ ആദ്യ ക്വാർട്ടറുമായി താരതമ്യം ചെയ്യുമ്പോൾ ഈ വർഷത്തിലെ ആദ്യ ക്വാർട്ടറിൽ 49.94 ശതമാനത്തിന്റെ വളർച്ച കൈവരിക്കാൻ സംസ്ഥാനത്തിന സാധിച്ചിട്ടുണ്ട്. എന്നാൽ ജൂൺ 2022 ൽ മാത്രം 116 ശതമാനം വളർച്ച രേഖപ്പെടുത്തിയിട്ടുള്ളതും, ഇപ്രകാരം വളർച്ചാ നിരക്കിൽ കേരളം ഇപ്പോൾ രണ്ടാം സ്ഥാനത്താണ് ഉള്ളത്. |
| (സി) | നികുതിച്ചോർച്ച കൃത്യമായി തടയുന്നതിന് കഴിയാത്തതും പരിഹാര നടപടികൾ യഥാസമയം സ്വീകരിക്കാത്തതുമാണ് ഇത്തരമൊരു സ്ഥിതിവിശേഷത്തിനിടയാക്കിയതെന്ന് കരുതുന്നുണ്ടോ; | (സി) | പ്രാപ്യസ്ഥാനാധിഷ്ഠിതമായ ജി.എസ്.ടി നികുതി സമ്പ്രദായം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് വലിയ നേട്ടമായിരിക്കും എന്നാണ് പ്രതീക്ഷിച്ചതെങ്കിലും, നികുതി പിരിവിൽ പ്രതീക്ഷിച്ച വർദ്ധനവ് ഉണ്ടായില്ല. ജി.എസ്.ടി വന്നതോട് കൂടി |

| | | | |
|---|---|---|---|
| | | | സംസ്ഥാനങ്ങൾക്ക് നികുതി നിയമത്തിന്മേൽ ഒറ്റയ്ക്ക് തീരുമാനം എടുക്കാൻ കഴിയാതായി. ജി.എസ്.ടി തുടക്കത്തിൽ വിഭാവനം ചെയ്തിരുന്ന ഓൺലൈൻ റിട്ടേൺ സംവിധാനം പൂർണമായും നടപ്പിലാക്കാൻ കഴിയാതെ വന്നതും, കോവിഡും പ്രകൃതി ദുരന്തങ്ങളും ഏല്പിച്ച ആഘാതങ്ങളും ജി.എസ്.ടി വരുമാനം പ്രതീക്ഷിച്ച തോതിൽ വർദ്ധിക്കാത്തതിന് കാരണമായി.<br><br>ജി.എസ്.ടി പൂർണമായും ഓൺലൈൻ അധിഷ്ഠിതമാണ്. അതിനാൽ വ്യത്യസ്തവും നൂതനവുമായ രീതിയിലുള്ള നികുതി വെട്ടിപ്പുകളാണ് കണ്ടു വരുന്നത്. ജി.എസ്.ടി യിലെ നികുതി വെട്ടിപ്പ് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ട്. ജി.എസ്.ടി നിയമത്തിൽ മാറ്റം വരുത്തി കൂടുതൽ കർശന നിബന്ധനകളിലൂടെ ഇത്തരം നികുതി വെട്ടിപ്പുകൾ തടയുന്നതിനുള്ള നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ്, അഡ്ജൂഡിക്കേഷൻ വിഭാഗങ്ങൾ കൂടുതൽ കർശന പരിശോധനകളിലൂടെ നികുതി വെട്ടിപ്പുകൾ കണ്ടെത്തി അത് തടയുന്നതിനും നികുതിയും പിഴയും ഈടാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | എങ്കിൽ ആയതിന് പരിഹാരമായി എന്തെല്ലാം മാറ്റങ്ങളാണ് നികുതിപിരിവ് വർദ്ധിപ്പിയ്ക്കുന്നതിനും നികുതിച്ചോർച്ച തടയുന്നതിനുമായി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ? | (ഡി) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുമുള്ള നിരവധി പദ്ധതികൾ വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ നടപ്പിലാക്കി വരുന്നു. വകുപ്പിലെ മുഴുവൻ ഉദ്യോഗസ്ഥർക്കും മെച്ചപ്പെട്ട രീതിയിലുള്ള പരിശീലനം നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതോടൊപ്പം കൂടുതൽ ഓഡിറ്റ് ടീമുകൾ രൂപീകരിക്കുകയും ഇൻവെസ്റ്റിഗേഷൻ വിഭാഗം കൂടുതൽ ശക്തമാക്കുകയും, സൈബർ ഫോറൻസിക്, ഡാറ്റ അനാലിറ്റിക്, ANPR മോണിറ്ററിങ് എന്നിവ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഇത് കൂടാതെ ജി.എസ്.ടി നിയമത്തിനു അനുസൃതമായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് പുനഃ സംഘടിപ്പിച്ചിട്ടുണ്ട്. നികുതി വെട്ടിപ്പ് തടയുന്നതിനായി പൊതുജനങ്ങളെക്കൂടി പങ്കാളികളാക്കിക്കൊണ്ട് നികുതി വെട്ടിപ്പിനെ സംബന്ധിച്ചുള്ള അവബോധം സൃഷ്ടിക്കാനായുള്ള പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ